വൈറൽ

# ഒരുപാട് കാഴ്ചകൾ ഒരു മിനുറ്റിൽ

• ആബിദ് കോലിക്കര



കൂട്ടുകാർ നുസൈർ യാസീൻ എന്നു കേട്ടിട്ടുണ്ടോ. ഒരുപക്ഷെ നാസ് ഡൈലി എന്നു കേട്ടിട്ടുണ്ടാകും. ഫേസ്ബുക്കിലെ നാസ് ഡൈലി എന്ന പേജിലൂടെ ലോകപ്രശസ്തനാണ് നുസൈർ. നുസൈറിന്റെ കഥ ചുരുക്കിപ്പറയാം. 1992-ലാണ് നുസൈറിന്റെ ജനനം. ഇസ്രായേലിലെ അറബയിൽ മുസ്‌ലിം കുടുംബത്തിൽ ജനനം. യു.എസിലായിരുന്നു പഠനം. 19-ാം വയസ്സിൽ ഹർവാർഡ് യൂനിവേഴ്സിറ്റിയിൽ ഡിഗ്രി പഠനം. എകണോമിക്സിൽ ഡിഗ്രിയും പിന്നീട് കമ്പ്യൂട്ടർ സയൻസും പഠിച്ചു. 2014-ൽ സോഫ്റ്റ് വെയർ ഡെവലപ്പർ ആയി ജോലി ചെയ്യാൻ തുടങ്ങി.

രണ്ട് വർഷത്തിനു ശേഷം ജോലി ഉപേക്ഷിച്ചു. അതുവരെ ശേഖരിച്ചുവെച്ച കാശും കൊണ്ട് ലോകം ചുറ്റിക്കറങ്ങാൻ തീരുമാനിച്ചു. 2016-ൽ 'നാസ് ഡൈലി' എന്ന ഫേസ്ബുക്ക് പേജ് തുടങ്ങി. 'നാസ്' എന്നാൽ അറബിയിൽ 'ജനങ്ങൾ' എന്നാണ് അർത്ഥം. ആ പേജിൽ ദിവസവും ഒരു മിനിറ്റ് ദൈർഘ്യമുള്ള വീഡിയോ ഇടും. അങ്ങനെ 1000 വീഡിയോ ആയിരുന്നു പ്ലാൻ. ആദ്യം നുസൈർ പോയത് കെനിയയിലാണ്. നാസ് ഡൈലി എന്ന പേജ് പതിയെ വൈറലായി. ലക്ഷക്കണക്കിന് ഫോളേവേഴ്സ് ആണ് വളരെ പെട്ടെന്നുതന്നെ നാസ് ഡൈലിക്കുണ്ടായത്. ഫേസ്ബുക്ക് പരസ്യത്തിൽ നിന്ന് നല്ല ഇൻകം വരാൻ തുടങ്ങി. 2018-ൽ നുസൈർ ഫേസ്ബുക്ക് സ്ഥാപകൻ സുക്കർബർഗിനെ കണ്ടു.

നാസ്ഡൈലി ആരാധകർ ഇംഗ്ലീഷ് അറിയാത്തവർക്ക് വേണ്ടി സബ്ടൈറ്റിൽ വെച്ച് വീഡിയോ പ്രചരിപ്പിക്കാൻ തുടങ്ങി. ഹിന്ദിയിലും ചൈനീസിലുമെല്ലാം ഇപ്പോൾ വീഡിയോ ഉണ്ട്. 2019-ൽ നുസൈർ 1000 വീഡിയോ തികച്ചു. Around the World in 60 Seconds എന്ന പുസ്തകം നവംബറിൽ പുറത്തിറങ്ങും. അറുപത്തിനാല് രാജ്യങ്ങളുടെ വിശേഷങ്ങളടങ്ങിയ പുസ്തകത്തിന് എല്ലായിടത്തുനിന്നും വമ്പിച്ച തോതിലുള്ള പ്രീഓർഡർ ആണ് ലഭിക്കുന്നത്.

◆







▸▸ കേരളത്തിലെ ഏലം ഗവേഷണ കേന്ദ്രം– പാമ്പാട്ടും പാറ